അനധികൃതമായി ഈടാക്കിയ കെട്ടിട നികുതി തിരികെ നൽകാൻ നടപടി

103 [3800] *ശ്രീ. കെ. എ. ചന്ദ്രൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-1-2004-ലെ കണക്കനുസരിച്ച് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ മെഡിക്കൽ കോളേജ് ഡിവിഷനിലുള്ള കെട്ടിട ഉടമകളിൽ മുന്നോ അതിലധികമോ വർഷത്തെ വസ്തു നികുതി അടയ്ക്കേണ്ടവർ എത്ര എന്നു പറയുമോ;

(ബി) പ്രസ്തുത ആൾക്കാരിൽ 4 വർഷത്തേയോ 5 വർഷത്തേയോ അതിൽ കൂടുതൽ വർഷത്തേയോ വസ്തുനികുതി കുടിശ്ശിക വരുത്തിയവർ എത്രവീതമെന്നു പറയുമോ;

(സി) പ്രസ്തുത തീയതിയിലെ കണക്കനുസരിച്ച് 3, 4, 5 എന്നീ വർഷങ്ങളിലെയും അതിൽ കൂടുതൽ വർഷത്തെയും കുടിശ്ശിക വരുത്തിയവർ, 2004 ജനുവരി മാസത്തിൽ 14-ാം തീയതി വരെ എത്രപേർക്ക് വസ്തു നികുതി കുടിശ്ശികയ്ക്കുള്ള സ്പെഷ്യൽ നോട്ടീസ് നൽകുകയും എൽ. സി. ചാർജ് ഈടാക്കുകയും ചെയ്തു;

(ഡി) പഴയ ടി. സി. നമ്പർ 1/2142 എന്ന കെട്ടിടത്തിന്റെ ഉടമസ്ഥന് പ്രസ്തുത തീയതിയിൽ വസ്തു നികുതി കുടിശ്ശികയ്ക്കുള്ള സ്പെഷ്യൽ നോട്ടീസ് നൽകിയിട്ടുണ്ടോ;

(ഇ) പ്രസ്തുത തീയതിയിൽ ആ നമ്പരിലുള്ള വീടിന് എത്ര വർഷത്തെ വസ്തു നികുതി കുടിശ്ശികയുണ്ടായിരുന്നു;

(എഫ്) ഇത്രയോ ഇതിനെക്കാൾ കൂടുതലോ വർഷത്തെ വസ്തുനികുതി കുടിശ്ശികയുള്ള മറ്റു കെട്ടിട ഉടമകൾക്ക് വസ്തുനികുതി കുടിശ്ശികയ്ക്കുള്ള സ്പെഷ്യൽ നോട്ടീസ് നൽകുകയും എൽ. സി. ചാർജ് ഈടാക്കുകയും ചെയ്യാതെ പഴയ ടി. സി. നമ്പർ 1/2142 എന്ന കെട്ടിടത്തിന്റെ ഉടമയ്ക്കുമാത്രം വസ്തുനികുതി കുടിശ്ശികയ്ക്കുള്ള സ്പെഷ്യൽ നോട്ടീസ് കൊടുക്കുവാനും എൽ. സി. ചാർജ് ഈടാക്കുവാനുമുള്ള കാരണമെന്ത്;

(ജി) പ്രസ്തുത കെട്ടിട ഉടമയ്ക്ക് വസ്തുനികുതി കുടിശ്ശികയ്ക്കുള്ള സ്പെഷ്യൽ നോട്ടീസ് നൽകിയതാരാണ്;

(എച്ച്) പ്രസ്തുത കെട്ടിട ഉടമയെക്കാൾ കൂടുതൽ വർഷത്തെ വസ്തുനികുതി കുടിശ്ശിക വരുത്തിയവർക്ക്, സ്പെഷ്യൽ നോട്ടീസ് കൊടുക്കാതെ ടി കെട്ടിട ഉടമയ്ക്കുമാത്രം സ്പെഷ്യൽ നോട്ടീസ് നൽകിയത് ക്രമാനുസൃതമായിരുന്നോ;

(ഐ) എങ്കിൽ എപ്രകാരമെന്ന് പറയാമോ;

(ജെ) സേച്ഛാപരമായി സ്പെഷ്യൽ നോട്ടീസ് നൽകുന്നതിനെ കോർപ്പറേഷൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ;

(കെ) ഇല്ലെങ്കിൽ പ്രസ്തുത കെട്ടിട ഉടമയ്ക്ക് സ്പെഷ്യൽ നോട്ടീസ് നൽകിയ ആളിന്റെമേൽ നടപടിയെടുക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എൽ) ടി. സി. നമ്പർ 1/2142-ന്റെ ഉടമയെക്കാൾ കൂടുതൽ കുടിശ്ശിക വരുത്തിയവർക്ക്, സ്പെഷ്യൽ നോട്ടീസ് നൽകാതെ പ്രസ്തുത ഉടമയ്ക്കുമാത്രം സേച്ഛാപരമായി സ്പെഷ്യൽ നോട്ടീസ് കൊടുത്ത് 24 രൂപ എൽ. സി. ചാർജ് ഈടാക്കിയ നടപടി പുനഃപരിശോധിക്കുകയും എൽ. സി. ചാർജ് റീഫണ്ടു ചെയ്യുകയും ചെയ്യുമോ?

ഉത്തരം

(എ) 420 പേർ.

(ബി) ഏഴുവർഷത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർ 75 പേരും അഞ്ചുവർഷത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർ 100 പേരും നാലു വർഷത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർ 96 പേരും.

(സി) 125 പേർക്ക് സ്പെഷ്യൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇവരിൽനിന്ന് നികുതിയോടൊപ്പം ലൈബ്രറി സെസ്സും നിയമാനുസരണം ഈടാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) മൂന്ന് വർഷത്തെ നികുതി കുടിശ്ശിക അടയ്ക്കാനുണ്ടായിരുന്നു.

(എഫ്) സ്പെഷ്യൽ നോട്ടീസ് നൽകുന്നത് അതാത് സാമ്പത്തിക വർഷത്തിന്റെ ഒന്നാം അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും അവസാനിക്കുന്ന കാലഘട്ടത്തിൽ, റവന്യൂ കളക്ഷൻ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ്. നികുതി കുടിശ്ശിക വരുത്തിയ എല്ലാവർക്കും നോട്ടീസ് നൽകുന്നതിന്റെ ഭാഗമായിട്ടാണ് ഈ കക്ഷിക്കും നോട്ടീസ് നൽകിയിട്ടുള്ളത്. നികുതിയോടൊപ്പം 5% ലൈബ്രറി സെസ്സ് ഈടാക്കിവരുന്നു.

(ജി) നഗരസഭയുടെ റവന്യൂ ഓഫീസർ.

(എച്ച്) പ്രസ്തുത കെട്ടിട ഉടമയെക്കാൾ കൂടുതൽ വർഷത്തെ നികുതി കുടിശ്ശിക വരുത്തിയവർക്കെല്ലാം സ്പെഷ്യൽ നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കെട്ടിട ഉടമയ്ക്കും നോട്ടീസ് നൽകിയിട്ടുള്ളത് ക്രമപ്രകാരമാണ്.

(ഐ) കുടിശ്ശിക യഥാസമയം ഒടുക്കുവാൻ വീഴ്ച വരുത്തിയിട്ടുള്ള കക്ഷികളുടെ വീടുകളിൽ നിരവധിതവണ കുടിശ്ശിക ഒടുക്കുന്നതിന് നേരിൽ അറിയിച്ചിട്ടും ഒടുക്കാത്ത കക്ഷികൾക്കാണ് സ്പെഷ്യൽ നോട്ടീസ് നൽകിയിട്ടുള്ളത്.

(ജെ) ഇല്ല.

(കെ) നിയമാനുസരണമാണ് നോട്ടീസ് നൽകിയിട്ടുള്ളത്.

(എൽ) നികുതി കുടിശ്ശിക വരുത്തിയവർക്ക് മാത്രമാണ് നോട്ടീസ് നൽകിയത്. ടി. സി. 1/2142 നമ്പർ കെട്ടിട ഉടമയ്ക്കുമാത്രമായി സേച്ഛാപരമായിട്ടല്ല നോട്ടീസ് നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവുപ്രകാരം ലൈബ്രറി

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലിനു നൽകുന്നതിനുവേണ്ടിയാണ് നികുതിയുടെ 5% ലൈബ്രറി സെസ്സ് (എൽ. സി.) ഈടാക്കുന്നത്. പ്രസ്തുത എൽ. സി. തുകയാണ് 25 രൂപ കെട്ടിട ഉടമയിൽനിന്നും ഈടാക്കിയിട്ടുള്ളത്. റീഫണ്ടു ചെയ്യാൻ നിയമമില്ല.

വിമുക്തഭടന്മാർക്ക് വീട്ടുകരം ഒഴിവാക്കുന്നതിന് നടപടി

104 [3801] *ശ്രീ. ടി. എം. ജേക്കബ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ പഞ്ചായത്ത് നിയമത്തിൽ വിമുക്തഭടന്മാർക്ക് വീട്ടുകരം ഒഴിവാക്കിക്കൊണ്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നടപ്പിലാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിയമത്തിൽ വ്യവസ്ഥയില്ലെങ്കിൽ വിമുക്തഭടന്മാർക്ക് വീട്ടുകരം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിന്റെ 291(2) വകുപ്പ് നൽകുന്ന അധികാരം ഉപയോഗിച്ച് സർക്കാർ വിമുക്തഭടന്മാരുടെയും അവരുടെ വിധവകളുടെയും യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്തെ വീടുകളെ 2004-2005 രണ്ടാം അർദ്ധവർഷം മുതൽ വസ്തു നികുതിയിൽനിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പഞ്ചായത്തുകളിലും ബാധകമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കരിപ്പൂർ പഞ്ചായത്ത് രൂപീകരിക്കാൻ നടപടി

105 [3802] *ശ്രീ. കെ. എൻ. എ. ഖാദർ :*
,, യു. സി. രാമൻ :
,, ടി. പി. എം. സാഹിർ :
,, പി. കെ. കെ. ബാവ :
,, കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളം സ്ഥിതി ചെയ്യുന്ന കരിപ്പൂർ പ്രദേശം പള്ളിക്കൽ പഞ്ചായത്തിൽ നിന്നും വേർപ്പെടുത്തി കരിപ്പൂർ പഞ്ചായത്ത് എന്ന പേരിൽ ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly